(ബി) ഫ്ളോറി ക്ളബ്ബുകളിൽ അംഗങ്ങളാക്കുന്ന കർഷകർക്കും പദ്ധതി പ്രദേശത്തെ ഉദ്യോഗസ്ഥർക്കും കാർഷിക സർവകലാശാലയിലെ വിദഗ്ദ്ധർ പരിശീലനം നൽകുന്നതാണ്.

(സി) പൂക്കളുടെ വിപണന ചുമതല കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏല്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു 'ഫ്ളോറി കൾച്ചർ അതോറിറ്റി' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നടപ്പിലാക്കുന്നതാണ്. വിശദാംശം തീരുമാനിക്കപ്പെട്ടിട്ടില്ല.

22 (*356) 1967 ലെ ലാന്റ് യൂട്ടിലൈസേഷൻ നിയമം

ശ്രീ. പി. രാഘവൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ ഫെബ്രുവരി 26 ന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച മേൽ നടപടികൾ വ്യക്തമാക്കുമോ;

(സി) കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ ഒരു ബില്ലാക്കി അവതരിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) നെൽക്കൃഷി ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് ജില്ലാതലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ;

(ഇ) നിലം നികത്തേണ്ടിവന്നാൽ അതിന്റെ ന്യായമായ ആവശ്യം മനസ്സിലാക്കി അനുവാദം നൽകുന്നതിന് ശാസ്ത്രീയമായ എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(എഫ്) കരിനിലങ്ങളെ ലാന്റ് യൂട്ടിലൈസേഷൻ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ഉദ്ദേശമുണ്ടോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഭേദഗതി വരുത്തിയിട്ടില്ല.

(ബി)&(സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പരിഗണിച്ചിട്ടില്ല

(ഇ)&(എഫ്) സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly